(സി) ഷെഡ്യൂളുകൾ റദ്ദാക്കുന്നതു സംബന്ധിച്ച് ഈ ഡിപ്പോകളിലെ യൂണിറ്റ് ആഫീസർമാരുമായി ചർച്ച നടത്തിയിരുന്നോ; യൂണിറ്റ് ആഫീസർമാരുടെ നിർദ്ദേശം അനുസരിച്ചാണോ ഷെഡ്യൂളുകൾ റദ്ദാക്കിയിട്ടുള്ളത്;

(ഡി) റദ്ദാക്കിയ ഷെഡ്യൂളുകൾ പുനഃസ്ഥാപിച്ച് യാത്രാക്ലേശം പരിഹരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഷെഡ്യൂളുകൾ യാതൊന്നും വെട്ടിക്കുറച്ചിട്ടില്ല. റീ ഷെഡ്യൂളിങ്ങിന്റെ ഭാഗമായി ചിലത് പുനഃക്രമീകരിക്കുക മാത്രമേ ചെയ്തിട്ടുള്ളു. ഇതിനുപരിയായി ഈ കാലയളവിൽ പുതുതായി മിനി ബസ്സുകൾ ഈ മേഖലയിൽ സർവ്വീസ് ആരംഭിച്ചിട്ടുമുണ്ട്.

(ബി) ഇല്ല.

(സി) ഷെഡ്യൂൾ റദ്ദാക്കുന്നത് സംബന്ധിച്ചു പ്രത്യേകം ചർച്ച നടത്തിയിട്ടില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

വിഴിഞ്ഞം, പൂവാർ, നെയ്യാറ്റിൻകര ഡിപ്പോകളിൽനിന്നും കെ.എസ്.ആർ.ടി.സി. നടത്തുന്ന ഷെഡ്യൂളുകൾ

119 [573] ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കെ.എസ്.ആർ.ടി.സി.-യുടെ വിഴിഞ്ഞം, പൂവ്വാർ, നെയ്യാറ്റിൻകര, പാറശ്ശാല, വെള്ളറട എന്നീ ഡിപ്പോകളിൽ നിന്നായി എത്ര ഷെഡ്യൂളുകൾ വീതമാണ് നടത്തിക്കൊണ്ടിരുന്നത്; എത്ര ഷെഡ്യൂളുകൾ വീതം ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നു എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഓരോ ഡിപ്പോയിലും ഇപ്പോൾ എത്ര ബസ്സുകൾ വീതം ഉണ്ട്; അവയിൽ പ്രവർത്തനക്ഷമമായവ എത്ര; പ്രവർത്തനക്ഷമമല്ലാത്തത് എത്ര;

(സി) ഓരോ ഡിപ്പോയിലും എത്ര കണ്ടക്ടർമാർ, ഡ്രൈവർമാർ, മെക്കാനിക്കൽ ജീവനക്കാർ, മിനിസ്റ്റീരിയൽ ജീവനക്കാർ മറ്റ് വിവിധതരം ജീവനക്കാർ എന്നിവർ ജോലി ചെയ്തുവരുന്നു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വിഴിഞ്ഞത്തുനിന്ന് 60, പൂവ്വാറിൽ നിന്ന് 58, നെയ്യാറ്റിൻകര നിന്ന് 90, പാറശ്ശാല നിന്ന് 63, വെള്ളറട നിന്ന് 25-ഉം ഷെഡ്യൂളുകളാണ് ഓപ്പറേറ്റ് ചെയ്തിരുന്നത്. ഇപ്പോൾ വിഴിഞ്ഞത്ത് 69, പൂവ്വാറിൽ 58, നെയ്യാറ്റിൻകര 91, പാറശ്ശാല 63, വെള്ളറട നിന്ന് 28-ഉം ഷെഡ്യൂളുകളാണ് ഓപ്പറേറ്റ് ചെയ്യുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി)

ഡിപ്പോ	ബസ്സുകളുടെ എണ്ണം	പ്രവർത്തന ക്ഷമമായത്	പ്രവർത്തന ക്ഷമമല്ലാത്തത്
വിഴിഞ്ഞം	77	65	12
പൂവ്വാർ	71	60	11
നെയ്യാറ്റിൻകര	106	89	17
വെള്ളറട	34	27	7
പാറശ്ശാല	69	60	9

(സി) ഡിപ്പോ തിരിച്ചുള്ള സ്റ്റാഫ് സ്ട്രെങ്ത്

	കണ്ടക്ടർ	സ്റ്റേഷൻ മാസ്റ്റർ	ഇൻസ്പെക്ടർ	ഡ്രൈവർ	വി.എസ്/ എച്ച്.വി.എസ്.
വിഴിഞ്ഞം	126	2	6	160	1
പൂവ്വാർ	176	. .	5	172	. .
നെയ്യാറ്റിൻകര	176	. .	16	265	. .
വെള്ളറട	44	. .	2	65	. .
പാറശ്ശാല	123	. .	2	174	. .

	ക്ലാർക്ക്	ടൈപ്പിസ്റ്റ്	സൂപ്രണ്ട്	പ്യൂൺ
വിഴിഞ്ഞം	21	1	3	1
പൂവ്വാർ	19	1	2	1
നെയ്യാറ്റിൻകര	35	1	3	1
വെള്ളറട	4	1	. .	. .
പാറശ്ശാല	19	1	2	1

	സ്വീപ്പർ	ഗാർഡ്	സാർജന്റ്	എ.എസ്.കെ./ സ്റ്റോർ ഇഷ്യൂവർ
വിഴിഞ്ഞം	3	5	1	2
പൂവ്വാർ	2	7	. .	2
നെയ്യാറ്റിൻകര	1	6	. .	3
വെള്ളറട	. .	1	. .	1
പാറശ്ശാല	2	5	. .	3

	ടയർ ഇൻസ്പെക്ടർ	മെക്കാനിക്കൽ വിഭാഗം	പമ്പ് ഓപ്പറേറ്റർ
വിഴിഞ്ഞം	1	42	3
പൂവ്വാർ	2	46	2
നെയ്യാറ്റിൻകര	1	62	2
വെള്ളറട	1	22	. .
പാറശ്ശാല	1	53	2

LIBRARY ARCHIVES Kerala Legislative Assembly